**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5100** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകൾക്കായി സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ എപ്പോഴാണ് സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചത് എന്നും അവ പരിഷ്കരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ 16/08/1972 ലെ ജി.ഒ (എം.എസ്) 246/12/LA&SWD നമ്പർ സർക്കാർ റൂൾ പ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ സ.ഉ(പി) നം.151/94/എൽ.എ.ഡി തീയതി 16/06/1994 ഉത്തരവ് പ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഈ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയായി പറയുന്ന കോഴ്സുകൾ സർക്കാർ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ; | (സി) | ഉണ്ട് |
| (ഡി) | ആരോഗ്യവകുപ്പ് പതിനാറ് വർഷമായി നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് മേൽപ്പറഞ്ഞ തസ്തികയുടെ യോഗ്യതയായി അംഗീകരിക്കപ്പെട്ടിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പഞ്ചായത്ത് വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നത് 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് VI പ്രകാരമായി ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത യോഗ്യതകളിൽ അവസാനമായി Any other equivalent qualification എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് 1972 ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്. |
| (ഇ) | മികച്ച യോഗ്യതയുള്ളവർ ഇത്തരം പ്രധാന തസ്തികകളിൽ നിന്ന് ഒഴിവാക്കപ്പെടുന്നത് സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ഏകീകൃത സ്പെഷ്യൽ റൂൾ അടിയന്തരമായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | പഞ്ചായത്ത് വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നത് 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് VI പ്രകാരമായി ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത യോഗ്യതകളിൽ അവസാനമായി Any other equivalent qualification എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് 1972 ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്. |
| (എഫ്) | മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനായുള്ള പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പായി പുതിയ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | പഞ്ചായത്ത് വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നത് 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് VI പ്രകാരമായി ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത യോഗ്യതകളിൽ അവസാനമായി Any other equivalent qualification എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് 1972 ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള |

| | | | |
|---|---|---|---|
| | | | യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ